പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3036 | 28.01.2014 ൽ മറുപടിക്ക്

പയ്യന്നൂർ മിനി സിവിൽ സ്റ്റേഷൻ

**ചോദ്യം**
ശ്രീ. സി.കൃഷ്ണൻ

**ഉത്തരം**
ശ്രീ. അടൂർ പ്രകാശ്
(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി)

(എ) നിർമ്മാണ ത്തിലിരിക്കുന്ന പയ്യന്നൂർ മിനി സിവിൽ സ്റ്റേഷനിൽ ഏതെല്ലാം ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകളാണ് നിലവിലുള്ള തെന്ന് വിശദമാക്കാമോ;

(ബി) പയ്യന്നൂർ മിനി സിവിൽ സ്റ്റേഷനിൽ സർക്കാർ ഓഫീസുകൾക്ക് സ്ഥലം അനുവദിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം ഓഫീസുകൾക്കാണ് അനുവദി ച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ) (ബി) & (സി) നിർമ്മാണത്തിലിരിക്കുന്ന പയ്യന്നൂർ മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്നതിന് തൊഴിലധിഷ്ഠിത വിദ്യാഭ്യാസ വകുപ്പ് ഓഫീസ്, എക്സൈസ് റേഞ്ച് ഓഫീസ്, റീസർവ്വെ സൂപ്രണ്ട് ഓഫീസ്, ലാന്റ് ട്രൈബ്യൂണൽ പയ്യന്നൂർ, എന്നീ ഓഫീസുകളുടെ അപേക്ഷകളാണ് നിലവിലുള്ളത്. പയ്യന്നൂർ മേഖലയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾക്ക് കൂടി മിനി സിവിൽ സ്റ്റേഷനിൽ സ്ഥലം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ